**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253** **23-08-2022 - ൽ മറുപടിയ്ക്ക്**

**പി.പി.ഇ. കിറ്റ് വാങ്ങിയതിലുള്ള അഴിമതി ആരോപണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 30.03.2020 -ന് സാൻ ഫാർമ എന്ന കമ്പനിയിൽ നിന്നും അമ്പതിനായിരം പി. പി. ഇ. കിറ്റ് വാങ്ങാനുള്ള തീരുമാനം എടുത്തശേഷം പതിനയ്യായിരം കിറ്റ് മാത്രം വാങ്ങിയാൽ മതി എന്ന് മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ഫിനാൻസ് മാനേജർ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ ഇതിന്റെ തീയതി വ്യക്തമാക്കാമോ; | (എ) | 15,000 പി.പി.ഇ കിറ്റ് വാങ്ങുവാനുള്ള തീരുമാനം എടുത്തതായി മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ഫിനാൻസ് മാനേജർ നോട്ട് ഫയലിൽ രേഖപ്പെടുത്തിയത് 31.03.2020 ആണ്. |
| (ബി) | പ്രസ്തുത കമ്പനിയിൽ നിന്നും പതിനയ്യായിരം പി. പി. ഇ. കിറ്റ് വാങ്ങാനുള്ള തീരുമാനം മെഡിക്കൽ സർവ്വീസസ് കോർപറേഷൻ കൈക്കൊണ്ട ശേഷം അമ്പതിനായിരം പി. പി. ഇ. കിറ്റ് വാങ്ങിയതിനുള്ള 7.75 കോടി രൂപയുടെ എക്സ് പോസ്റ്റ് ഫാക്ടോ അംഗീകാരത്തിന് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | പോസ്റ്റ് ഫാക്ടോ അംഗീകാരത്തിനായി കോർപ്പറേഷൻ സർക്കാരിലേയ്ക്ക് കത്ത് അയച്ചത് 2020 ഏപ്രിൽ 10-നാണ്. ആ സമയത്ത് സാൻ ഫാർമയ്ക്ക് നൽകിയ പർച്ചേസ് ഓർഡർ പ്രകാരം കോർപ്പറേഷന് നൽകാനുണ്ടായിരുന്ന ബാക്കി എണ്ണം പി.പി.ഇ കിറ്റുകൾ റദ്ദാക്കുകയോ ടി കമ്പനിയിൽ നിന്ന് വാങ്ങേണ്ടതില്ല എന്ന തീരുമാനമോ കോർപ്പറേഷൻ കൈക്കൊണ്ടിട്ടില്ല. സാൻ ഫാർമയ്ക്ക് നൽകിയ പർച്ചേസ് ഓർഡർ പ്രകാരം കോർപ്പറേഷനിലേയ്ക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ടായിരുന്ന 35,000 എണ്ണം പി.പി.ഇ കിറ്റുകൾ റദ്ദ് ചെയ്തത് 15.04.2020 നാണ്. |
| (സി) | ശേഷിക്കുന്ന തുക എന്ത് ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ; | (സി) | ശേഷിക്കുന്ന തുക കോവിഡ് പ്രതിരോധ സാധന സാമഗ്രികൾ വാങ്ങുന്നതിനായാണ് വിനിയോഗിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത തുകയുടെ വിനിയോഗത്തിനായി സർക്കാരിന്റെ അനുമതി നേടിയിരുന്നോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം നൽകാമോ? | (ഡി) | സർക്കാരിന്റെ അനുമതി തേടിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ